**നം.കെ.എസ്.എ-കെ.ടി.എം.പി.5/1688/2019** **തീയതി : 12.12.2019**

# കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.12.2018 മുതൽ 31.08.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | :**ശ്രീ.സാബു സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | :22.10.2019 മുതൽ 31.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | :ശ്രീമതി ബീനാകുമാരി സി.ആർ. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | :ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | :ശ്രീമതി കൊച്ചുമോൾ എം. | അസിസ്റ്റന്റ് ഓഡിറ്റ് |

| | | |
|---|---|---|
| | | ഓഫീസർ |
| | :ശ്രീ.രഞ്ജിത്ത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷൈനി കുന്നിനിയിൽ | 01.04.2018 മുതൽ 20.04.2018 വരെ |
| | ശ്രീമതി ഡയോണി | 17.05.2018 മുതൽ 28.01.2019 വരെ |
| | ശ്രീമതി റോസമ്മ കോയിപ്പുറം | 21.02.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.എച്ച്.മുഹമ്മദ് സലിം | 01.04.2018 മുതൽ 14.05.2018 വരെ |
| | | 11.06.2018 മുതൽ 31.03.2019 വരെ |
| | ശ്രീമതി നിമ്മി ജേക്കബ്, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | 15.05.2018 മുതൽ 10.06.2018 വരെ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി നിമ്മിജേക്കബ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീ.അജയകുമാർ പി. | 01.04.2018 മുതൽ 01.07.2018 വരെ |
| | ശ്രീ.അഞ്ജിത്ത് ബി മോഹൻ | 02.07.2018 മുതൽ 24.10.2018 വരെ |
| | ശ്രീമതി നിലീന എം.എസ്. | 25.10.2018 മുതൽ 23.11.2018 വരെ |
| | ശ്രീമതി ചിത്ര എസ്. | 24.11.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ.ബേനസീർ കെ.എ. | 01.04.2018 മുതൽ 30.07.2018 വരെ |

| | | |
|---|---|---|
| | ഡോ.ആഷ | 31.07.2018 മുതൽ 30.09.2018 വരെ |
| | ഡോ.ചിത്ര | 01.10.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.അരവിന്ദ് ജോഷി | 01.04.2018 മുതൽ 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.സുജ എം. ചാക്കോ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷിഓഫീസർ | ശ്രീ.ബിനു തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി രാജേശ്വരി ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.വിജയകുമാർ എം.ജി. | 01.04.2018 മുതൽ 13.07.2018 വരെ |
| | ചാർജ് ഇല്ല | 14.7.18 മുതൽ 25.11.18 വരെ |
| | ശ്രീമതി ജയറാണി എസ്. | 26.11.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി സുജ വി.ജി. | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.രഘു എം.ഡി. | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.സജിത് കെ. ഇബ്രാഹിം | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|

| | |
|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1-1 | ബജറ്റ് |
| 1-2-1 | ഫണ്ട് വിനിയോഗം |
| 1-2-2 | സംയുക്ത പ്രോജക്ടിന് ലഭിച്ച തുകകളുടെ അക്കൗണ്ടിൽ 41,000 രൂപ ബാലൻസ് നിൽക്കുന്നത്-വിനിയോഗിക്കാത്ത തുക തിരികെ ഒടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല |
| 1-2-3 | സർക്കാർ ധനസഹായം ഇനത്തിൽ ലഭിച്ച തുകയിൽ 66.2 ലക്ഷം രൂപ വിവിധ സാങ്കേതിക കാരണങ്ങളാൽ പഞ്ചായത്തിന് വിനിയോഗിക്കുവാൻ സാധിച്ചില്ല |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് പരിശോധന |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-8-1 | വസ്തുനികുതി കുടിശ്ശിക 8.6 ലക്ഷം രൂപ |
| 1-8-2 | വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത |
| 1-8-3 | വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 1-8-4 | ബി.എസ്.എൻ.എൽ. മൊബൈൽ ടവർ വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 1-9 | തൊഴിൽനികുതി ഒടുക്കിയിട്ടില്ലാത്തത് സംബന്ധിച്ച |
| 1-10-1 | ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്ത് രാജ് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനം |
| 1-10-2 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല-തനതുഫണ്ട് വരവിൽ കുറവ് |

| | |
|---|---|
| 1-11-1 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ-കരാർ ചമയ്ക്കുകയോ വാടക ഈടാക്കുകയോ ചെയ്തിട്ടില്ല |
| 1-11-2 | മൂങ്ങാനി ഷോപ്പിംഗ് കോംപ്ലക്സ്-റൂം നമ്പർ 5-വാടക കുടിശ്ശിക 34,020 രൂപ നാളിതുവരെ ഈടാക്കിയില്ല |
| 1-11-3 | സ്ഥലം പാട്ടത്തിന് നൽകിയത്-കുടിശ്ശിക ഒടുക്കാതെ തുടർന്നും പാട്ടത്തിന് നൽകിയത് ക്രമപ്രകാരമല്ല |
| 1-12-1 | കുടിവെള്ള പദ്ധതി-പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-പ്രവൃത്തി പൂർത്തീകരിച്ചില്ല |
| 1-12-2 | ഉള്ളായം എസ്.സി. കോളനിയിൽ സ്ട്രീറ്റ്ലൈൻ സ്ഥാപിക്കൽ(എസ്.സി.പി.)പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല |
| 1-12-3 | വെള്ളക്കരം-പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 1-12-4 | മണിമല എസ്.സി. കാർഷിക വിപണനകേന്ദ്രം.-നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല |
| 1-12-5 | തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല |
| 1-13-1 | കട്ടിൽ വാങ്ങൽ-ടെണ്ടർ നടപടികൾ ക്രമപ്രകാരമല്ല |
| 1-13-2 | ലാപ്ടോപ്പ് വാങ്ങൽ-കേന്ദ്രീകൃത വാങ്ങൽ രീതി അവലംബിച്ചില്ല |
| 1-14 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-വകുപ്പുതല ഏകോപനമില്ല |
| 1-15 | ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിക്കുന്നില്ല |
| 1-16 | മരാമത്ത് പ്രവൃത്തികൾ-ടെണ്ടർ നടപടികൾ കാര്യക്ഷമമല്ല |
| 1-17 | തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് |
| 1-18 | കരാറുകാരന് അധികത്തുക നൽകി |
| 1-19 | പേവർബ്ലോക്ക് വിരിക്കൽ-ഇൻഡ്യൻ സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരം ആവശ്യമുള്ളതിൽ കൂടിയ ഇനം ഉൾപ്പെടുത്തി-പഞ്ചായത്തിന് അധികച്ചെലവ് |

| | |
|---|---|
| 1-20 | ഫർണ്ണീച്ചർ വാങ്ങൽ-നടപടിക്രമങ്ങളിൽ വീഴ്ച |
| 1-21 | ആശ്രയപദ്ധതി |
| 1-22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ്-സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |

| | |
|---|---|
| 1 | |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

28.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 12.02.2019 തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 1,58,51,585 | 69,08,476 |
| വരവ് | 9,96,40,914 | 5,29,92,979 |
| ആകെ | 11,54,92,499 | 5,99,01,455 |
| ചെലവ് | 10,73,85,039 | 5,36,99,311 |
| നീക്കിയിരിപ്പ് | 81,07,460 | 62,02,144 |

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവുചെലവ് തമ്മിലുള്ള അന്തരം യാഥാർത്ഥ്യ ബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കുന്നത് എന്നത് വ്യക്തമാക്കുന്നു. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

### 1-2-1 ഫണ്ട് വിനിയോഗം

**എ)**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,18,64,000 | 1,18,64,000 | 1,11,80,879 | 6,83,121 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 61,21,000 | 61,21,000 | 61,21,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2,49,000 | 2,49,000 | 2,49,000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1,01,74,000 | 1,01,74,000 | 68,63,334 | 33,10,666 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 27,80,000 | 27,80,000 | 19,48,978 | 8,31,021 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | | 0 | 72,45,493 | 72,45,493 | 54,53,529 | 17,91,964 |
| റ്റി.എസ്.സി | | 91,086 | 1,30,000 | 2,21,086 | 65,000 | 1,56,086 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | 2,938.95 | 2,71,409 | 2,74,347.95 | 2,70,285 | 4,062.95 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1,69,92,598 | 1,69,92,598 | 1,69,92,598 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (icds) | | 3,79,125 | 5,11,145 | 8,90,270 | 3,13,580 | 5,76,690 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഖരമാലിന്യ സംസ്കരണം) | | 0 | 8,47,000 | 8,47,000 | 0 | 8,47,000 |
| ശുചിത്വ മിഷൻ | | 50,000 | 4,97,457 | 5,47,457 | 0 | 5,47,457 |
| സാക്ഷരത | | 11,781 | 418 | 12,199 | 0 | 12,199 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 22,64,192 | 22,64,192 | 22,64,192 | 0 |
| | കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള ബ്ലോക്ക് വിഹിതം(odf) | 41,000 | 0 | 41,000 | 0 | 41,000 |
| | ജില്ലാ പഞ്ചായത്ത് | 0 | 11,89,564 | 11,89,564 | 11,89,564 | 0 |
| ബി ഫണ്ട് | | 0 | 1,48,240 | 1,48,240 | 1,48,240 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 68,69,697 | 68,69,697 | 15,11,980 | 53,57,717 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 45,16,714 | | | | 30,42,078 |
| | ട്രഷറി അക്കൗണ്ട് | 21,13,618 | | | | 30,63,480 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്തൃവിഹിതം | 330 | 2,36,500 | 2,36,830 | 2,36,500 | 330 |

**ക്ഷേമ പദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33,240 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 14,62,700 | 110 |
| വിധവാപെൻഷൻ | 66,21,700 | 572 |
| വാർദ്ധക്യകാലപെൻഷൻ | 1,80,93,900 | 1434 |
| വികലാംഗപെൻഷൻ | 24,10,900 | 202 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായവർക്കുള്ള പെൻഷൻ | 2,65,100 | 21 |

## 1-2-2 സംയുക്ത പ്രോജക്ടിന് ലഭിച്ച തുകകളുടെ അക്കൗണ്ടിൽ 41,000 രൂപ ബാലൻസ് നിൽക്കുന്നത്- വിനിയോഗിക്കാത്ത തുക തിരികെ ഒടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

തൻവർഷം സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച തുകകൾ പൂർണ്ണമായും തൻവർഷം തന്നെ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. കടിശ്ശിക നിൽക്കുന്ന 41,000 രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ജി.ഒ.(പി)നം.07/2017/ഫിൻ 23.01.2017 പ്രകാരം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11) ലഭിച്ച മറുപടിയിൽ തുക തിരികെ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ സഹിതം തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-2-3 സർക്കാർ ധനസഹായം ഇനത്തിൽ ലഭിച്ച തുകയിൽ 66.2 ലക്ഷം രൂപ വിവിധ സാങ്കേതിക കാരണങ്ങളാൽ പഞ്ചായത്തിന് വിനിയോഗിക്കുവാൻ സാധിച്ചില്ല

വിവിധ ഫണ്ടിനങ്ങളിലായി പഞ്ചായത്തിന് ലഭിച്ച തുകകളിൽ 66,16,772 രൂപ വിവിധ സാങ്കേതിക കാരണങ്ങളാൽ അതേ സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കുന്നതിന് സാധിച്ചില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് അവസാന ഗഡു 03/19 ലാണ് സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളതെന്നും ടാറിംഗ് പ്രവൃത്തികൾക്ക് യഥാസമയം മെറ്റീരിയലുകൾ ലഭ്യമാകാതിരുന്നതും റോഡ് പ്രവൃത്തികളുടെ ബിൽ മാറി നൽകാതിരുന്നതുമാണ് ഇത്രയും തുക നീക്കിയിരുപ്പ് വരാനുള്ള കാരണം എന്ന് ഭരണസമിതി അംഗങ്ങൾ അറിയിച്ചിട്ടുണ്ട്. വരും

വർഷങ്ങളിൽ വാർഷിക പദ്ധതിയും ആസൂത്രണ/നിർവ്വഹണ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച സർക്കാർ ധനസഹായം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

## 1-3 പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ സംയുക്ത യോഗം 29.01.2018 ൽ ചേരുകയുണ്ടായി. 13 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകരിക്കപ്പെടുകയും യോഗം ചേരുകയും ചെയ്തത്. പദ്ധതി രൂപീകരണത്തിനായുള്ള വാർഡടിസ്ഥാനത്തിലുള്ള ഗ്രാമസഭകൾ 16.02.2018 മുതൽ 24.02.2018 വരെയുള്ള കാലയളവിൽ ചേർന്നിട്ടുണ്ട്. 2018-19 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട വികസനസെമിനാർ 01.03.2018 ൽ ചേർന്നതായി മിനിറ്റ്സ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്ക് ഉത്തരവ് നമ്പർ 490/18/DPC/DPO/KTM തീ 11.02.2019 പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം നല്കിയിട്ടുണ്ട്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 5,72,60,803 | 138 | 4,04,35,773 | -- | 50 | 73 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് | ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫിസർ | 5 | 4 | 1,94,975 | 1,64,975 | വികസനകാര്യം |
| 2 | വെറ്ററിനറി സർജൻ | 12 | 12 | 48,95,600 | 25,67,097 | വികസനകാര്യം |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5 | 5 | 7,85,000 | 7,84,779 | ആരോഗ്യം-വിദ്യാഭ്യാസം |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 5,58,000 | 5,56,400 | ആരോഗ്യം-വിദ്യാഭ്യാസം |
| 6 | വി.ഇ.ഓ | 12 | 11 | 1,39,60,328 | 1,09,81,722 | വികസനകാര്യം, ക്ഷേമകാര്യം |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 44,98,580 | 36,52,580 | ക്ഷേമകാര്യം |

| | | | | | | |
|---|---|---|---|---|---|---|
| 8 | സെക്രട്ടറി | 39 | 30 | 69,03,185 | 60,46,894 | വികസനകാര്യം, ധനകാര്യം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം |
| 9 | അസിസ്റ്റന്റ് എൻജിനീയർ | 95 | 57 | 2,23,58,085 | 1,28,41,209 | വികസനകാര്യം |
| 10 | ഹെഡ്മാസ്റ്റർ | 4 | 3 | 5,69,000 | 3,19,661 | ആരോഗ്യം-വിദ്യാഭ്യാസം |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 13,20,000 | 13,20,000 | വികസനം |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 12,18,050 | 12,00,456 | ക്ഷേമം |
| ആകെ | | 188 | 138 | | | |

**പദ്ധതി രൂപീകരണം**

**സ്റ്റാറ്റസ് റിപ്പോർട്ട്**

പദ്ധതിരൂപീകരണ പ്രവർത്തങ്ങൾക്ക് ആശ്രയിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് പഞ്ചായത്തിന്റെ യഥാർത്ഥ അവസ്ഥ പ്രതിഫലിപ്പിക്കുന്നതോ തുടർ പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ തയ്യാറാക്കിയതോ അല്ല.

**ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ്/വികസന സെമിനാർ**

നിയമാനുസൃതമുള്ള ഇടവേളകളിൽ യോഗം ചേരുന്നുണ്ടെങ്കിലും പദ്ധതി പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടായതായികാണുന്നില്ല. നാമമാത്ര പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണ് ഈ ഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ളത്. മോണിറ്ററിംഗ് സമിതികൾ യോഗം ചേർന്നതിനോ പദ്ധതി പുരോഗതി വിലയിരുത്തിയതിനോ രേഖകളില്ല.

**പദ്ധതി നിർവ്വഹണം മേഖലാതല അവലോകനം**

**പശ്ചാത്തല മേഖല**

പശ്ചാത്തല മേഖലയിൽ ഏറിയ പങ്കം റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്. ഇതു കൂടാതെ ഏതാനം അങ്കണവാടികളുടെ മെയിന്റനൻസ് പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള അങ്കണവാടികൾ, സ്കൂളുകൾ മുതലായവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നുണ്ടെങ്കിലും സ്ഥലപരിമിതിയുള്ള പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം എന്ന ലക്ഷ്യം സാക്ഷാൽകരിക്കുന്നതിന് ഫണ്ട് കണ്ടെത്താൻ നിലവിൽ കഴിഞ്ഞിട്ടില്ല. പൊതു ശ്മശാനം പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും പ്രവൃത്തികൾ നീണ്ടുപോകുന്ന സ്ഥിതിയാണ് നിലവിലുള്ളത്. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്

മാലിന്യസംസ്കരണസംവിധാനം ഒരുക്കുന്നതിന് കഴിഞ്ഞിട്ടില്ല. ആശുപത്രി മാലിന്യങ്ങൾ ഇമേജ് സംവിധാനം വഴി നീക്കം ചെയ്യുന്ന രീതിയും അവലംബിച്ചിട്ടില്ല. ആശുപത്രിക്ക് പുറകിൽ സുരക്ഷാസംവിധാനങ്ങളില്ലാതെ മാലിന്യം കത്തിക്കുന്ന രീതിയാണ് തുടർന്നു വരുന്നത്.

**സേവനമേഖല**

ലൈഫ് ഭവനപദ്ധതിയിൽ 28 ഭവനങ്ങൾ നിർമ്മിച്ച് നല്കിയെങ്കിലും വിവിധ കാരണങ്ങളാൽ പദ്ധതിയിൽ നിന്നു പുറത്തായ അപേക്ഷകർ ഭവനരഹിതയായി പഞ്ചായത്തിലുണ്ട്. ഭൂരഹിത ഭവനരഹിതർക്കായി ലൈഫ് മിഷൻ ഭവനസമുച്ചത്തിന് സ്ഥലം കണ്ടെത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ആരോഗ്യമേഖലയിൽ ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ലാത്തത്, ഹോമിയോ ആശുപത്രിയുടെ സ്ഥലപരിമിതി, എന്നിവ പരിഹരിക്കപ്പെടാനുള്ള പ്രശ്നങ്ങളാണ്. അങ്കണവാടികളിൽ 3 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കുടിവെള്ള സംവിധാനമുള്ളത്.

**ഉല്പാദനമേഖല**

ചെറുകിട നാമമാത്ര കർഷകർക്കുള്ള സബ്സിഡി തുകയുടെ വിതരണം മാത്രമാണ് കഴിഞ്ഞ വർഷങ്ങളിൽ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളത്. ഏതു കാലാവസ്ഥയിലും കൃഷി സാദ്ധ്യമാക്കുന്ന മഴമറ അനുവദിക്കുക, ബയോഗ്യാസ് പ്ലാന്റുകൾ നല്കുക എന്നിവ പഞ്ചായത്ത് ലക്ഷ്യമിടുന്നുണ്ടെങ്കിലും നാളിതു വരെ സാദ്ധ്യമായിട്ടില്ല.

## 1-4 ആഭ്യന്തരനിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ ഫലപ്രദമാണ്. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എന്നിവയുടെ ഡി.സി.ബി. തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. വസ്തുനികുതി ഡി.സി.ബി. പത്രിക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കുടിശ്ശിക വരുത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കിയവയുടെ വിവരം അതാത് സമയം മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനം ഇല്ല. തൻവർഷം വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാരുടെ ജോലിവിഭജനം നടത്തിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2019 3 പി.എം.ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,127/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.2019 | 09/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2016 | 2011-12 മുതൽ 2014-15 വരെ | LBQ(HQ)11/8A-2411/03 Dt.18.04.2016 |

## 1-7 വാർഷിക കണക്കുകളുടെ അവലോകനം

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് സമയം വരെ പരിഹരിക്കാത്തവ ഉൾപ്പെടെ ചുവടെ ചേർക്കുന്നു.

1) സ.ഉ.(എംഎസ്)നം.152/2011/തസ്വഭവ തീയതി 26.07.2011 പ്രകാരം ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല. ആസ്തി രജിസ്റ്ററിൽ കാലികമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

2) B-11 ഷെഡ്യൂൾ പ്രകാരമുള്ള എല്ലാ ആസ്തികൾക്കും മൂല്യശോഷണം തയ്യാറാക്കി I-17(a) പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ തുകകൾ സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) തനത് ഫണ്ട് അക്കൗണ്ടിന്റെ 31.03.2019ലെ നീക്കിയിരിപ്പ് പ്രകാരമുള്ള കാലഹരണപ്പെട്ട ചെക്കുകൾ 'Liability in respect of stale cheque' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

5) ബാലൻസ് ഷീറ്റിൽ സ്റ്റേറ്റ് ഗവ.സെസ്സ്/ലെവീസ് ഇൻ പ്രോപ്പർട്ടി ടാക്സ് കൺട്രോൾ അക്കൗണ്ട് (431910101) എന്ന ഹെഡിൽ കാണിച്ചിട്ടുള്ള തുക വസ്തുനികുതി കുടിശികയുടെ 5% ആയിരിക്കേണ്ടതാണ്. എന്നാൽ ടി തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

6) ഗുണഭോക്തൃവിഹിതം നേരിട്ടുചെലവഴിക്കുന്നത് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

7) ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഹെഡ്‌വൈസ് തിരിച്ച് ഡെപ്പോസിറ്റ് തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-8-1 വസ്തുനികുതി കുടിശ്ശിക 8.6 ലക്ഷം രൂപ

വാർഷിക കണക്കുകൾ പ്രകാരം 31.3.19ൽ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 8,62,794 രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. പഞ്ചായത്തിന്റെ പ്രധാന വരവായ വസ്തുനികുതിയിലുള്ള കുടിശ്ശിക പൂർണ്ണമായും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-8-2 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത

താഴെ കൊടുക്കുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ ഒന്നായി കണക്കാക്കാതെ പല മുറികളായി വസ്തുനികുതി നിർണ്ണയിച്ചതുമൂലം നികുതി ഇനത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയായി നിർണ്ണയിച്ചിരുന്നത് 60 രൂപയാണ്. എന്നാൽ 43 രൂപ നിരക്കിലാണ് നികുതി കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | വാർഡ്/കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ | നിശ്ചയിച്ച അടിസ്ഥാന നികുതി | നികുതി | വർദ്ധനവ്/ശതമാനം | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| ശ്രീ. ഷൈൻകുമാർ -ഹേമ എസ്. കുമാർ | 6/649 A | 10.44 | 43 | 448.92 | 89.784(20%) | 27 | 566 |
| | 649 B | 24.24 | 43 | 1042.32 | 208.464 | 63 | 1,314 |
| | 649 A2 | 14.06 | 43 | 604.58 | 120.916 | 35 | 725 |
| | 649 A3 | 16.16 | 43 | 694.88 | 138.976 | 40 | 833 |
| | 649 A1 | 13.26 | 43 | 570.18 | 114.036 | 33 | 684 |
| | 649 B1 | 11.85 | 43 | 509.55 | 101.91 | 31 | 643 |
| | 649 B2 | 12.56 | 43 | 540.08 | 108 | 33 | 682 |
| | 649 B3 | 13.14 | 43 | 565.02 | 113.004 | 34 | 713 |
| | | **115.72** | | | | | **6,160** |

ടി കെട്ടിടത്തെ ഒന്നായി കണക്കാക്കി വസ്തുനികുതി നിശ്ചയിക്കേണ്ടിയിരുന്നു. ആകെ 115.72 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് അടിസ്ഥാന നികുതിയായി ച.മീറ്ററിന് 60 രൂപ നിശ്ചയിച്ച് താഴെപ്പറയും പ്രകാരം നികുതി ഈടാക്കേണ്ടിയിരുന്നു

| പ്ലിന്ത്ഏരിയ | കണക്കാക്കേണ്ടിയിരുന്ന നികുതി | വർദ്ധനവ് | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|
| 115.72 | 6943.2 | 1388.64 | 416.592 | 8,748 |

ആകെ 2,588/-രൂപയുടെ കുറവുണ്ടായിട്ടുണ്ട്(8748-6160). ടി കെട്ടിടത്തിന്റെ വസ്തുനികുതി പുതുക്കി നിർണ്ണയിച്ച് കുറവായി ഈടാക്കിയ 2,588/-രൂപ അടിയന്തിരമായി ഈടാക്കി വിവരം അറിയിക്കേണ്ടതും ഇത് സംബന്ധമായി ആവർത്തനനഷ്ടം ഉണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-8-3 വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന ഓഡിറ്റോറിയങ്ങളുടെയും കല്യാണ മണ്ഡപങ്ങളുടെയും വസ്തു നികുതി നാളിതുവരെയും ഈടാക്കിയതായികാണുന്നില്ല .വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | മഹാദേവക്ഷേത്രം കല്യാണമണ്ഡപം | തൃക്കാണ്ണാപുരം |
| 2 | മസ്ജിദുൽ ബദരിയ മുസ്ലിം ജമായത്ത് | ഏറാത്തുവടകര |
| 3 | ഫിലാഡൽഫിയ ചർച്ച് ഓഫ് ഗോഡ് | വെള്ളാവൂർ |
| 4 | കുളത്തുങ്കൽ ദേവി ക്ഷേത്ര ഓഡിറ്റോറിയം | കുളത്തുങ്കൽ |

| | | |
|---|---|---|
| 5 | സാൽവേഷൻ ആർമി ചർച്ച് | പെരുംകാവ് |
| 6 | ലൂർദ് മാതാ ചർച്ച് | താഴത്ത് വടകര |
| 7 | ലയൺസ്ഹാൾ | മണിമല-വെള്ളാവൂർ |
| 8 | ശ്രീഭഗവതിക്ഷേത്ര ഓഡിറ്റോറിയം | കടയനിക്കാട് |

മേൽ സ്ഥാപനങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് അടിയന്തിരമായി നാളിതുവരെ ലഭിക്കേണ്ട നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-8-4 ബി.എസ്.എൻ.എൽ മൊബൈൽ ടവർ വസ്തു നികുതി ഈടാക്കിയിട്ടില്ല

വെള്ളാവൂർ പഞ്ചായത്ത് മാലമ്പാറ ഭാഗത്ത് സ്ഥിതി ചെയ്യുന്ന ബി.എസ്.എൻ.എൽ. മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല. 18,900 രൂപയാണ് ബി.എസ്.എൻ.എൽ. ടവറിന്റെ ഒരു വർഷത്തെ വസ്തുനികുതി ഇനത്തിൽ അടവാക്കേണ്ടത്. 2013-14 മുതൽ 2017-18 വരെയുള്ള കുടിശ്ശിക തുക (94,500)അടക്കണമെന്ന് ആവശ്യപ്പെട്ട് ഡിമാന്റ് നോട്ടീസ് നൽകിയിരുന്നുവെങ്കിലും നാളിതുവരെ തുക അടവാക്കിയിട്ടില്ല. നാളിതുവരെയുള്ള കുടിശ്ശിക 1,13,400 രൂപയാണ്. ടി തുക ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 1-9 തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്തതു സംബന്ധിച്ച്

കാർഡിനൽ പടിയറ പബ്ലിക്ക് സ്കൂൾ, മണിമല എന്ന സ്ഥാപനം ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച ട്രയ്ഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്തിൽ 297 വ്യാപാര-വ്യവസായ-സംരംഭക സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ തൊഴിൽ നികുതി ഒടുക്കിയിരിക്കുന്നത് 264 സ്ഥാപനങ്ങൾ മാത്രമാണ്. 33സ്ഥാപനങ്ങൾ തൊഴിൽനികുതി ഒടുക്കിയിട്ടില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് എൻക്വയറി-15/29.10.19 നല്കിയതിന് ടി സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടക്കുന്നതിനായി അറിയിപ്പ് നല്കിയതായി മറുപടി ലഭിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-10-1 ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്ത് രാജ് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനം

പഞ്ചായത്ത് തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം തൻവർഷം 288 വ്യാപാര വ്യവസായ സ്ഥാപനങ്ങളാണുള്ളത്. എന്നാൽ തൻവർഷം 264 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. നിയമപ്രകാരം ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുവാൻ പാടുള്ളതല്ല. മാത്രമല്ല തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ഡിമാന്റ് തയ്യാറാക്കി ഫീസ് ഈടാക്കാത്തത് മൂലം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ല. വാർഷിക കണക്കുകൾ പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ 1,340 രൂപ കുടിശ്ശിക ഉള്ളതായും കാണുന്നു. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കേരളപഞ്ചായത്ത് രാജ് നിയമം

വകുപ്പ് 236 പ്രകാരം തുടർനടപടികൾ സ്വീകരിക്കുകയോ ലൈസൻസ് റദ്ദാക്കുകയോ ചെയ്തിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിക്കുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും കൈക്കൊണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭിച്ച മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-10-2 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല -തനത് ഫണ്ട് വരവിൽ കുറവ്

തൻവർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് 2018-19 മുതൽ 5 വർഷത്തേക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം. | പേരു വിലാസവും | കെട്ടിട നം. | പ്രവർത്തനവിശദാംശം | മൂലധന നിക്ഷേപം | ലൈസൻസ് പുതുക്കി നൽകിയ കാലയളവ് |
|---|---|---|---|---|---|
| 1 | ജോർജ്ജ് ആന്റണി, മാനേജിംഗ് ഡയറക്ടർ, ജി.കെ.ഗ്രാനൈറ്റ്സ് ലി., താഴത്തുവടകര, വെള്ളാവൂർ | XII/226 | പാറ ഖനനം | 80 ലക്ഷം | 01.04.2018 - 31.03.2013 |
| 2 | ജോർജ്ജ് ആന്റണി, മാനേജിംഗ് ഡയറക്ടർ, ജി.കെ.ഗ്രാനൈറ്റ്സ് ലി., താഴത്തുവടകര, വെള്ളാവൂർ | XII/227 | മെറ്റൽ ക്രഷർ | 1.8 കോടി | 01.04.2018 - 31.03.2013 |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

പാറഖനനം, മെറ്റൽ ക്രഷർ എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ടി സ്ഥാപനങ്ങളിൽ നിന്നും 2,000 രൂപ നിരക്കിൽ അഞ്ചു വർഷത്തേക്ക് 10,000 രൂപയാണ് ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളത്. 1.8 കോടി രൂപയും 80 ലക്ഷം രൂപയും മൂലധന നിക്ഷേപങ്ങൾ ഉള്ള ടി

പ്രവർത്തനങ്ങൾക്ക് ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് 5,000 രൂപയാണ്. 2019-20 വർഷം സ.ഉ.(പി) നം. 80/17/ത.സ്വ.ഭ.വ. തീയതി 31.10.2017 (എസ്.ആർ.ഒ.നം.674/17) പ്രകാരം പുതുക്കിയ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസാണ് മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടുള്ളത്. എന്നാൽ ടി സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് പുതുക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ലൈസൻസ് ഫീസ് യഥാസമയം പരിഷ്കരിച്ച് നൽകാതിരുന്നതു മൂലം 5 വർഷത്തെ ലൈസൻസ് ഫീസ് ഇനത്തിൽ 15,000 (5000x5=25000 - 10000) രൂപ വീതം 30,000 രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15) ലഭിച്ച മറുപടിയിൽ നഷ്ടം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-11-1 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ-കരാർ ചമയ്ക്കുകയോ വാടക ഈടാക്കുകയോ ചെയ്തിട്ടില്ല

പഞ്ചായത്തിലെ ചുവടെ ചേർക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നതിന് അനുവദിച്ചു നൽകിയതായി കാണുന്നു.

1) മൂങ്ങാനി ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.3

2) വെള്ളാവൂർ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.2

സർക്കുലർ നം.15289/കെ1/05 തസ്വഭവ തീയതി 15.07.2006 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ആരംഭിക്കുന്ന മാവേലി സ്റ്റോറുകളുടെ ആദ്യ രണ്ട് വർഷങ്ങളിലെ വാടകയ്ക്ക് മാത്രമാണ് ഇളവ് അനുവദിച്ചിട്ടുള്ളത്. എന്നാൽ വർഷങ്ങളായി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടി മുറികൾക്ക് നാളിതുവരെ എഗ്രിമെന്റ് വച്ച് വാടക ഈടാക്കുകയോ സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുകയോ ചെയ്യുന്നില്ല. ഇത് സംബന്ധിച്ച കമ്മിറ്റി തീരുമാനം സഹിതം വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണക്കുറിപ്പിന് (നം.3) ലഭിച്ച മറുപടിയിൽ വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. നടപടികൾ പൂർത്തീകരിച്ച് വാടക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-11-2 മൂങ്ങാനി ഷോപ്പിംഗ് കോംപ്ലക്സ് - റൂം നമ്പർ 5 -വാടക കുടിശ്ശിക 34,020 രൂപ നാളിതുവരെ ഈടാക്കിയില്ല

ടി കടമുറി 2016-17, 2017-18 വർഷങ്ങളിൽ വാടകയ്ക്ക് കൊടുത്തിരുന്നത് ശ്രീ.സുരേന്ദ്രൻ, മാടപ്പള്ളിൽ, പൊൻകുന്നം എന്നയാളിനാണ്. ടിയാൻ 2016-17 വർഷം 1,350 രൂപ നിരക്കിൽ 16,200 രൂപയും 2017-18 വർഷം 1,485 രൂപ നിരക്കിൽ 17,820 രൂപയും ഉൾപ്പെടെ 34,020 രൂപ കുടിശ്ശിക വരുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) 2016-17 വർഷം വാടക കുടിശ്ശിക വരുത്തിയിട്ടും കുടിശ്ശിക ഒടുക്കാതെ തുടർന്നുള്ള വർഷവും വാടകയ്ക്ക് നൽകിയത് ബന്ധപ്പെട്ട ചട്ടങ്ങളുടെ ലംഘനമാണ്.

2) 2017-18 വർഷം ടിയാൻ കരാർ ചമച്ചതായി കാണുന്നില്ല.

ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി കാണുന്നുണ്ടെങ്കിലും നാളിതുവരെ തുകകൾ ഈടാക്കിയിട്ടില്ല. 34,020 രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കാത്തപക്ഷം

നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ചട്ടവിരുദ്ധമായി കാലാവധി ദീർഘിപ്പിച്ചു നൽകിയ ഭരണസമിതി അംഗങ്ങളിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

കൂടാതെ, വാർഷിക കണക്കുകൾ പ്രകാരം 7,277 രൂപ കൂടി കുടിശ്ശിക ഉള്ളതായി കാണുന്നു. ഇതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ഈടാക്കുവാനുള്ള തുകയാണെങ്കിൽ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. അപാകതകളിന്മേൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3) നൽകി മറുപടി ലഭ്യമാക്കിയിട്ടുള്ളതാണ്.

## 1-11-3 സ്ഥലം പാട്ടത്തിന് നൽകിയത് - കുടിശ്ശിക ഒടുക്കാതെ തുടർന്നും പാട്ടത്തിന് നൽകിയത് ക്രമപ്രകാരമല്ല

പഞ്ചായത്തിലെ 5-ാം നമ്പർ പ്ലോട്ട് തൻവർഷം ലീസിന് എടുത്തത് ശ്രീ.ഭാസ്കരൻ പിള്ള, കിഴക്കേപറമ്പിൽ, മണിമല എന്നയാളാണ്. ടിയാൻ 193 രൂപ നിരക്കിൽ 3 മാസത്തെ വാടക മാത്രമാണ് തൻവർഷം ഒടുക്കിയിട്ടുള്ളത്. കുടിശ്ശിക 1,737 രൂപ ഈടാക്കാതെ തന്നെ തുടർ വർഷവും ടിയാന് തന്നെ പാട്ടത്തിന് നൽകിയതായി കാണുന്നു. കുടിശ്ശിക വരുത്തുന്ന വ്യക്തികൾക്ക് കുടിശ്ശിക ഒടുക്കാതെ വീണ്ടും വാടകയ്ക്ക് നൽകുന്ന പ്രവണത ബന്ധപ്പെട്ട നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമാണ്. കൂടാതെ വളരെ കുറഞ്ഞ നിരക്കിലാണ് പ്ലോട്ടുകൾ ലീസിന് നൽകിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണക്കുറിപ്പിന് (നം.3) ലഭിച്ച മറുപടിയിൽ 1996 മുതൽ ടിയാൻ ടി പ്ലോട്ട് വാടകയ്ക്ക് എടുത്ത് കച്ചവടം നടത്തുന്നതാണെന്നും കുടിശ്ശിക ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നാളിതുവരെയുള്ള കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12-1 കുടിവെള്ള പദ്ധതി- പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-പ്രവൃത്തി പൂർത്തീകരിച്ചില്ല

1) നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് നം. | 181/19, കങ്ങഴ -നെടുംകുന്നം കുടിവെള്ള പദ്ധതി-കുന്നിനിഭാഗം പൈപ്പ്ലൈൻ പുനരുദ്ധാരണം |
| നിർവ്വഹണ ഏജൻസി | കേരളാ വാട്ടർ അതോറിറ്റി, പബ്ലിക്ക് ഹെൽത്ത് ഡിവിഷൻ തിരുവല്ല. |
| അടങ്കൽ | 1,30,000/- |
| ചെലവ് | 1,30,000/-(വികസന ഫണ്ട്-ജനറൽ) |
| ബിൽ നം. | 1) 36/18-19/16.01.19<br>2) 35/18-19/16.01.19 |

2.

| | |
|---|---|
| പ്രോജക്ട് നം. | 68/19, പള്ളത്തുപാറ കുടിവെള്ള പദ്ധതി- പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-പുനരുദ്ധാരണം |
| നിർവ്വഹണ ഏജൻസി | കേരളാ വാട്ടർ അതോറിറ്റി, പബ്ലിക്ക് ഹെൽത്ത് ഡിവിഷൻ തിരുവല്ല. |
| അടങ്കൽ | 3,00,000/- |
| ചെലവ് | 3,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം. | 34/18-19/16.01.19 |

23.02.19 ൽ വെച്ച കരാർ പ്രകാരം 31.08.19 മേൽ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പൂർത്തികരിക്കാത്ത സാഹചര്യത്തിൽ ആകെ ചെലവായ 6,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-12-2 ഉള്ളായം എസ്.സി. കോളനിയിൽ സ്ട്രീറ്റ്ലൈൻ സ്ഥാപിക്കൽ(എസ്.സി.പി)പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 147/19, ഉള്ളായം എസ്.സി കോളനിയിൽ സ്ട്രീറ്റ്ലൈൻ സ്ഥാപിക്കൽ(എസ്.സി.പി) |
| നിർവ്വഹണ ഏജൻസി | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, പെൻകുന്നം |
| അടങ്കൽ | 1,50,000/- (scp) |
| ചെലവ് | 89,700/- |
| ബിൽ നം. | 6/18-19/15.05.18 |

29.08.18 ൽ കരാർ വെച്ച മേൽ പ്രവർത്തി 30.03.19ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പൂർത്തികരിക്കാത്ത സാഹചര്യത്തിൽ ആകെ ചെലവായ 89,700/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-12-3 വെള്ളക്കരം- പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനായി 2018-19 വർഷം 2,50,000/-(എം.ജി-നോൺ റോഡ്)പ്രോജക്ട് നം.10/19 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ടാപ്പൊന്നിന് 5,250 രൂപ നിരക്കിൽ 12/18 വരെ 52 ടാപ്പുകൾക്ക്, പ്രതിമാസം 22,750/-രൂപയും 1/19 മുതൽ 54 ടാപ്പുകൾക്ക് പ്രതിമാസം 23,625/- രൂപയുമാണ് വെള്ളക്കരം ഒടുക്കുന്നത് 18.10.16 ന് ശേഷം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധന അടിയന്തിരമായി നടത്തി

പൊതുടാപ്പുകളുടെ എണ്ണം കൃത്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള പാഴ്ച്ചെലവ് തുടരുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

### 1-12-4 മണിമല എസ്.സി.കാർഷിക വിപണനകേന്ദ്രം- നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല

മണിമല എസ്.സി. കാർഷിക വിപണനകേന്ദ്രം വൈദ്യതീകരിക്കുന്നതിനായി ഓഡിറ്റ് വർഷം പ്രോജക്ട് നം.57/19 പ്രകാരം 1,74,897 രൂപ(ധനകാര്യകമ്മീഷൻ ഗ്രാന്റ്) ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി വിപണനകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ടി കെട്ടിടം സംബന്ധിച്ച കേസ് ഉണ്ടായിരുന്നതിനാലാണ് പ്രവർത്തനം വൈകിയതെന്നും നിലവിൽ ബൈലോ തയ്യാറാക്കി കെട്ടിടം ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണെന്നും വൈസ്പ്രസിഡന്റ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്. എസ്.സി.പി. ഫണ്ടിൽ നിന്നും നാളിതുവരെ 48,09,795 രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം എസ്.സി. വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ പ്രത്യക്ഷത്തിൽ യാതൊരു നേട്ടവും പ്രദാനം ചെയ്തിട്ടില്ല. വിപണനകേന്ദ്രം പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-12-5 തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല

ഓഡിറ്റ് വർഷം തെരുവിളക്കുകളുടെ പരിപാലനം, പുതിയവ സ്ഥാപിക്കൽ എന്നിവയ്ക്കായി താഴെപറയുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| 1. | 138/19<br>തെരുവ് വിളക്കുകളുടെ പരിപാലനത്തിന് എ.എം.സി | 1,48,500/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 2. | 143/19<br>ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലേയ്ക്ക് സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സ് വാങ്ങൾ | 4,68,100/- |
| 3. | 145/19<br>5-ാം വാർഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 1,17,800/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 4 | 142/19<br>കല്ലംമ്മാക്കൽ അംബേദ്ക്കർ കോളനിയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 80,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

തെരുവ് വിളക്കുകളുടെ പരിപാലനത്തിനുള്ള എ.എം.സി കരാർ പ്രകാരം 235 ഓർഡിനറി ബൾബുകൾ, 265 CFL ലാമ്പുകൾ, സോഡിയം വേപ്പർ ലാമ്പ് 1 എണ്ണം എന്നിവയുടെ റിപ്പയറിംഗ് പരിപാലനം എന്നിവയ്ക്കായി കരാർ വെച്ചിട്ടുണ്ട്. കൂടാതെ 224 പുതിയ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ്

വിളക്കുകളുടെ എണ്ണം പോസ്റ്റ് നം സഹിതം സൂക്ഷിക്കേണ്ടതാണ്. പ്രവർത്തനരഹിതമാകുന്നവ, റിപ്പയർ ചെയ്യുന്നവ, പുതുതായി സ്ഥാപിക്കുന്നവ, എന്നിവ ഇനം തിരിച്ച് സൂക്ഷിച്ചാൽ മാത്രമെ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകളുടെ എണ്ണം കൃത്യമായി നിരീക്ഷിക്കാൻ കഴിയുകയുള്ളൂ. ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു രജിസ്റ്റർ സൂക്ഷിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-13-1 കട്ടിൽ വാങ്ങൽ -ടെണ്ടർ നടപടികൾ ക്രമ പ്രകാരമല്ല

സ.ഉ (കൈ)നം.22/2018തസ്വഭവ തീ:14.2.2018 ക്രമ നം.7.1.13(2) പ്രകാരം വയോജനസൗഹൃദ പരിപാടിയായി 60 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്ക് 4,350/- രൂപയിൽ അധികരിക്കാതെ 1.98 മീ. നീളം 90 സെ.മീ. വീതി മുൻ കാലിന് 60 സെ.മീ പിൻകാലിന് 50 സെ.മീ ഉള്ള മരത്തടിയിലോ സ്റ്റീലിലോ തീർത്ത കട്ടിൽ (8 എം.എം. പ്ലൈവുഡ്) നല്കാവുന്നതാണ്. 2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടിനായി 28 പേർക്ക് 3,877/- രൂപ പ്രകാരം 1,08,556/- രൂപ ചെലവഴിച്ചിട്ടുണ്ട്. 20.11.2018 ൽ നടന്ന ടെണ്ടറിൽ താഴെ പറയും പ്രകാരം ടെണ്ടർ ലഭിച്ചു.

| ക്രമ നം. | സ്ഥാപനം (ആഞ്ഞിലിത്തടിയിൽ തീർത്ത കട്ടിൽ) | രേഖപ്പെടുത്തിയ തുക |
|---|---|---|
| 1 | വുഡ് സിഫ | 3,750 |
| 2 | ഡക്കോറാത്ത് | 3,877 |
| 3 | തമ്പുരാൻ കാലായിൽ | 3,649 |

ഏറ്റവും കുറവു തുക രേഖപ്പെടുത്തിയത് തമ്പുരാൻ കാലായിൽ എന്ന സ്ഥാപനമാണ് എങ്കിലും പ്രൊക്യുയർമെന്റ് കമ്മറ്റി തെരഞ്ഞെടുത്തത് ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെയാണ്. ഇതു മൂലം 28 കട്ടിലിനായി 6,384/- രൂപ(28x228) അധികം നൽകേണ്ടി വന്നിട്ടുണ്ട്. ഫർണിച്ചർ നിർമ്മാണത്തിൽ പ്രാവീണ്യമുള്ള ഏതെങ്കിലും അംഗീകൃത ഏജൻസി പരിശോധിച്ച് ഗുണനിലവാരം സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലല്ല കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ തെരഞ്ഞെടുത്തത്. അപാകതയിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയായി പ്രൊക്യൂർമെന്റ് കമ്മറ്റിയും സ്ഥലത്തെ പ്രധാന ഫർണിച്ചർ വ്യാപാരിയും പരിശോധിച്ചതിൽ ഗുണനിലവാരം കൂടിയ കട്ടിൽ രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയതെന്ന് അറിയിച്ചു. ഇത്തരത്തിലുള്ള ഗുണനിലവാര പരിശോധനയുടെ ആധികാരികത വ്യക്തമല്ല. ടെണ്ടർ നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന സ്പെസിഫിക്കേഷനിലുള്ള സാധനങ്ങൾ സർക്കാർ അംഗീകൃത ഏജൻസിയുടെ പരിശോധനക്ക് വിധേയമായി വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13-2 ലാപ്ടോപ് വാങ്ങൽ-കേന്ദ്രീകൃത വാങ്ങൽ രീതി അവലംബിച്ചില്ല

ഇതിൽ കരാർ ലഭിച്ച ആവ്ലോൺ സിസ്റ്റംസ് ഒഴികെയുള്ളവർ 3 വർഷത്തെ OEM വാറന്റിയും 2 വർഷം സ്ഥാപനം നല്കുന്ന വാറന്റിയും ഉൾപ്പെടുത്തിയാണ് നിരക്ക് രേഖപ്പെടുത്തിയത്. ടെണ്ടർ നടപടികൾ നടക്കുമ്പോൾ ഐ.റ്റി മിഷൻ അംഗീകരിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരം 3 വർഷ വാറന്റിയാണുള്ളത്. 1.2.2017 ലെ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മറ്റിയുടെ 2.24

തീരുമാന പ്രകാരം മിഡ് ലെവൽ സ്പെസിഫിക്കേഷൻ (ഐ.ടി.മിഷൻ) ലാപ്ടോപ്പിന് 5 വർഷത്തെ OEM വാറന്റി നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും 23.2.2019 ലെ സ.ഉ (സാധാ)400/2019തസ്വഭവ പ്രകാരമാണ് ആയത് നിലവിൽ വന്നിട്ടുള്ളത്. ഉത്തരവു പ്രകാരം ആയത് 2019-20 വർഷം മുതൽ ബാധകവുമാണ്.

ഈ സാഹചര്യത്തിൽ പഞ്ചായത്ത് സ്വന്തം നിലയിൽ സ്പെസിഫിക്കേഷൻ മാറ്റം വരുത്തി ടെണ്ടർ ക്ഷണിച്ചതു മൂലം കൂടിയ നിരക്ക് രേഖപ്പെടുത്തിയ ആവ്ലോൺ സിസ്റ്റംസിന് കരാർ നൽകേണ്ടി വന്നു. ഇതു മൂലം ലാപ്ടോപ്പ് ഒന്നിന് 8,490/- രൂപ നിരക്കിൽ അധികം നല്കേണ്ടി വന്നിട്ടുണ്ട്. അപാകതയിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 1.2.17 ലെ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ തീരുമാന പ്രകാരമാണ് സ്പെസിഫിക്കേഷൻ മാറ്റിയതെന്ന് മറുപടി നല്കിയിട്ടുണ്ട്. വിശദമായ പരിശോധനയിൽ കോർഡിനേഷൻ കമ്മറ്റിയുടെ തീരുമാനത്തിന് സർക്കാർ അംഗീകാരം 2019-20 മുതലാണ് എന്ന് കാണുന്നു. തുടർ വർഷങ്ങളിൽ പ്രോജക്ട് നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശാനുസരണമുള്ള നടപടികൾ പാലിക്കേണ്ടതാണ്.

## 1-14 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-വകുപ്പ് തല ഏകോപനമില്ല

2018-19 വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കുന്നതിനായി 6 ലക്ഷം രൂപ എസ്.സി.പി ഫണ്ട് വകയിരുത്തി 50/2019 നമ്പരായി പ്രോജക്ട് തയ്യാറാക്കുകയും 3 ഗുണഭോക്താക്കൾക്കായി 4,49,512/- രൂപ ചെലവഴിക്കുകയും ചെയ്തു. 29.11.2017 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 3.10 നമ്പർതീരുമാനം പരിഗണിച്ച് തസ്വഭവകുപ്പ് 12.12.2017 ൽ ഡി.എ 1/983/2017 നമ്പരായി പുറപ്പെടുവിച്ച സർക്കുലർ പ്രകാരം 2018-19 വർഷം മുതൽ നിശ്ചിത എണ്ണം പഠനമുറികൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും/തസ്വഭ വകുപ്പും ഒരേ മാനദണ്ഡപ്രകാരം സംയുക്തമായി നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം മാനദണ്ഡം ഏകീകരിച്ചെങ്കിലും പഞ്ചായത്ത് സ്വന്തം ഫണ്ട് ഉപയോഗിച്ചാണ് പ്രോജക്ട് നടപ്പാക്കിയത്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വിഹിതം നേടുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി 14.2.18 ലെ സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശമില്ല എന്ന് മറുപടി നല്കി. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മാനദണ്ഡം സ്വീകരിക്കുമ്പോൾ ഈ ഇനത്തിൽ വരുന്ന ചെലവ് വർദ്ധനവ് മറ്റ് വികസനപദ്ധതികൾക്ക് തടസ്സമാകാതിരിക്കാനാണ് സംയുക്തമായി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നത്.

14.2.2018 ൽ വന്ന മാർഗ്ഗ രേഖ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 100 ചതുരശ്ര അടിയിൽ കൂടാത്ത പഠനമുറികൾക്ക് 2 ലക്ഷം രൂപ വരെ നല്കാവുന്നതാണ്. തൻവർഷം നിർവ്വഹണം പൂർത്തിയാക്കിയ 2 ഗുണഭോക്താക്കൾക്ക് എഞ്ചിനീയറുടെ വാല്യുവേഷനോടൊപ്പം ഹാജരാക്കിയ പർച്ചേയ്സ് ബില്ലുകൾക്കും തുക നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | തുക നല്കിയതിന്റെ വിവരം |
|---|---|---|
| 1 | ഗോപാലൻ | അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ പ്രകാരം 1,74,000/-<br><br>ഫർണിച്ചർ ബിൽ പ്രകാരം 5,300/- |

| | | |
|---|---|---|
| | | ആകെ 1,79,300/- |
| 2 | സോമൻ റ്റി.എ. | അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ പ്രകാരം 1,62,964/-<br>ബിൽ പ്രകാരം 7,910/-<br>ആകെ 1,70,874 /- |

ഫർണീച്ചർ അടക്കമുള്ള വാല്യവേഷൻ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കാതെ ഗുണഭോക്താവ് ഹാജരാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നല്കിയതിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.4) മറുപടിയായി പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യത്തിൽ എത്തണമെന്ന സദുദ്ദേശത്തോടെയാണ് ഗുണഭോക്താവ് ഹാജരാക്കിയ ബിൽ പ്രകാരമുള്ള തുക നല്കിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. പഠനമുറി നിർമ്മാണം എന്ന പ്രോജക്ടിന്റെ ഭാഗമായി ഫർണ്ണിച്ചറിന്റെ തുക കൂടി നൽകിയത് ക്രമപ്രകാരമല്ല. ഇതിനുള്ള പ്രോജക്ടുകൾ അനുവദനീയമായ സബ്സിഡി പരിധിക്ക് വിധേയമായി പ്രത്യേകം ഏറ്റെടുക്കേണ്ടതായിരുന്നു. ഇതിന്മേൽ ക്ഷമതയുള്ള അധികാര സ്ഥാനത്ത് നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഭരണസമിതി വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിക്കുന്നില്ല

സ്ഥാപനം തൻവർഷം വിവിധ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയതിൽ ടെൻഡർഫീസിനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ഫാറവില | ആകെ ഫീസ് |
|---|---|---|---|---|---|
| 1 | 102/2019 | തിരുവള്ളാലുങ്കൽ റോഡ് കോൺക്രീറ്റിംഗ് | 3 | 1,456 | 4,368 |
| 2 | 97/19 | വരമ്പകത്ത് റോഡ് കോൺക്രീറ്റിംഗ് | 2 | 1,120 | 2,240 |
| 3 | 108/2019 | കാടംകുളം കൊച്ചാലുങ്കൽ റോഡ് കോൺക്രീറ്റിംഗ് | 2 | 1,456 | 2,912 |
| 4 | 95/2019 | വെളിയോലിപ്പടി തെങ്ങുംപള്ളി റോഡ് കോൺക്രീറ്റിംഗ് | 2 | 1,120 | 2,240 |
| 5 | 105/2019 | കണ്ണന്താനം-ഓളോമനക്കട് റോഡ് | 2 | 1,344 | 2,688 |

| | | | | | |
|---|---|---|---|---|---|
| | | കോൺക്രീറ്റിംഗ് | | | |
| 6 | 76/2019 | കുന്നിനി -കുരിശടി റോഡ് കോൺക്രീറ്റിംഗ് | 3 | 1,456 | 4,368 |
| 7 | 87/2019 | മണിമല-കുളത്തുങ്കൽ റോഡ് റീ ടാറിംഗ് | 2 | 2,800 | 5,600 |
| 8 | 82/2019 | ഏഴാംമൈൽ-എണ്ണശ്ശേരി റോഡ് റീ ടാറിംഗ് | 1 | 1,085 | 1,085 |
| 9 | | ഏഴാംമൈൽ-എണ്ണശ്ശേരി റോഡ് റീ ടാറിംഗ് റീടെണ്ടർ | 1 | 1,085 | 1,085 |
| | | **ആകെ** | | | **26,586** |

ടെൻഡർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 26,586 രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-16 മരാമത്ത് പ്രവൃത്തികൾ-ടെണ്ടർ നടപടികൾ കാര്യക്ഷമമല്ല

2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ എല്ലാ പ്രവത്തികളും കരാർ അടിസ്ഥാനത്തിലുള്ളതായിരുന്നു. ഫയലുകൾ പരിശോധിച്ചതിൽ ടെണ്ടർ നടപടികൾ നിയമാനുസൃതമായിരുന്നില്ല എന്ന് കാണുന്നു. പരിശോധനക്കെടുത്ത രണ്ട് പ്രവൃത്തികളുടെ ടെണ്ടർ നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വിശദാംശങ്ങൾ | പന്നിക്കുഴി-കാവുങ്കൽ റോഡ് കോൺക്രീറ്റിംഗ്, 74/2019 | വെള്ളാവൂർ -കലൈക്കുളം റോഡ് കോൺക്രീറ്റിംഗ്, 78/2019 |
|---|---|---|
| കരാറുകാരൻ | എ.സി.സലീം | റ്റി.എസ്.സുരേഷ്കുമാർ |
| ടെണ്ടർ തീയതി | 01.08.2018 | 01.08.2018 |
| ടെണ്ടർ ഫാറം അവസാനമായി വിറ്റ തീയതി | 27.07.2018 | 28.07.2018 |
| പ്രിലിമിനറി എഗ്രിമെന്റ് തീയതി | 30.07.2018 | 31.07.2018 |
| ടെണ്ടർ സമർപ്പിച്ച രീതി | നേരിട്ട് | നേരിട്ട് |

പൊതുമരാമത്ത് മാന്വൽ 2008-2 പ്രകാരം പോസ്റ്റൽ വഴി സമർപ്പിക്കുന്ന ടെണ്ടറുകൾ (രജിസ്റ്റേഡ്/സ്പീഡ് പോസ്റ്റ്)മാത്രമേ സ്വീകരിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മുകളിൽ പറഞ്ഞിട്ടുള്ള 2 പ്രവൃത്തികളിലും പോസ്റ്റൽ വഴിയല്ലാതെയാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടർ തീയതിയുടെ തലേദിവസം തയ്യാറാക്കിയ പ്രിലിമിനറി എസ്റ്റിമേറ്റ് ടെണ്ടർ രേഖകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ളത് മേൽ പരാമർശം സാധൂകരിക്കുന്നു. 2018-19 ൽ നടന്നിട്ടുള്ള മിക്ക ടെണ്ടറുകളിലും 2 കരാറുകാർ മാത്രം ടെണ്ടർ സമർപ്പിക്കുകയും നാമമാത്ര തുക (ഉദാ.0.1%)കുറവ് രേഖപ്പെടുത്തി കരാർ ഉറപ്പിക്കുകയും ചെയ്യുന്നത് ടെണ്ടർ നടപടികളുടെ കാര്യക്ഷമത ചോദ്യം ചെയ്യുന്നതാണ്. (റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ ഇ-ടെണ്ടർ നടന്ന പ്രവൃത്തികളിലും, കോട്ടയം ജില്ലയിൽ നല്ല മത്സരം നടന്ന സ്ഥലങ്ങളിൽ 20% വരെ എസ്റ്റിമേറ്റ് നിരക്കിൽ കുറവിന് പ്രവൃത്തികൾ നടന്നിട്ടുണ്ട്) അപാകതകളിലുള്ള വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന്(നം.10) മറുപടി നല്കിയിട്ടില്ല. ടെണ്ടർ നടപടികൾ നിയമാനുസൃതവും കാര്യക്ഷമവുമാണെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | 77,78 നമ്പർ അങ്കണവാടി നവീകരണം, 125/2019 |
| അടങ്കൽ | 2,00,000/-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| കരാറുകാരൻ | എ.ബി.സലീം |
| കരാർ നമ്പർ | 04/AE/LSGD/VEGP/2018-19 Dt 03.09.2018 |
| ചെലവ് വിവരം | ആകെ ചെലവ് 1,60,614/- (ബിൽ നം.50/18-19 തീ 18.03.2019)<br>കരാറുകാരന് നല്കിയത് 1,57,402/- |

ഈ പ്രവൃത്തിയുടെ ഇനം 2 ആയി ചെയ്തത് 333.108 ച.മീ ഭിത്തിയിൽ സിമന്റ് പ്രൈമർ ഉപയോഗിക്കുകയാണ്. ഇതിന് 53.25/ച.മീ നിരക്കിൽ 17,738/- രൂപ ചെലവഴിച്ചു. ഇനം 3 ആയി ചെയ്തത് ഇതേ അളവിൽ നിലവിലുള്ള സിമന്റ് പെയിന്റ് പ്രതലത്തിൽ അക്രിലിക് എക്സ്റ്റീരിയർ പെയിന്റ് ചെയ്യുകയാണ്, ഇതിന് 99.37രൂപ/ച.മീ നിരക്കിൽ 33,100/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള സിമന്റ് പെയിന്റ് പ്രതലത്തിൽ അക്രിലിക് എക്സ്റ്റീരിയൽ പെയിന്റ് ചെയ്യുന്നതോടൊപ്പം ഇതേ അളവിൽ പ്രൈമർ അടിക്കുന്നതിന് തുക ചെലവഴിച്ചതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടില്ല. നിലവിലുള്ള ഭിത്തിയിൽ പുതിയതായി സിമന്റ് പ്രൈമർ അടിച്ച് അക്രിലിക് എക്സ്റ്റീരിയൽ പെയിന്റ് ചെയ്യുന്നതിന് പ്രൈസ് സോഫ്റ്റ്‌വെയർ 13-46-1 പ്രകാരമുള്ള നിരക്കായ 138.43/ച.മീ ആണ് നല്കാവുന്നത്.അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.8) മറുപടിയായി നിലവിലുള്ള ഭിത്തിയിലെ പെയിന്റ് ചുരണ്ടി മാറ്റി പ്രൈമർ അടിച്ച് പെയിന്റ് ചെയ്യുകയായിരുന്നു എന്ന് മറുപടി നല്കിയിട്ടുണ്ട്. വിശദമായ പരിശോധനയിൽ ഇത്തരം സാഹചര്യത്തിൽ പ്രൈസ് സോഫ്റ്റ്‌വെയർ 13-46-1 പ്രകാരമുള്ള നിരക്കായ 138.43/ച.മീ ആണ് നല്കാവുന്നത്. ഇത് പ്രൈമർ ഉൾപ്പെടെയുള്ള നിരക്കാണ്. അധികമായി നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| <u>നല്കിയ തുക</u><br>1.)333.108 ച.മീ ഭിത്തിയിൽ സിമന്റ് പ്രൈമർ അടിക്കുന്നതിന് 53.25/ച.മീ | 17,738/- |

| | |
|---|---|
| നിരക്കില് ചെലവ് 1 | |
| 2.) സിമന്റ് പെയിന്റ് പ്രതലത്തിൽ അക്രിലിക് എക്സ്റ്റീരിയർ പെയിന്റ് ചെയ്യുന്നതിന് 99.37രൂപ/ച.മീ നിരക്കിൽ ചെലവ് | 33,100/- |
| **ആകെ** | **50,838/-** |
| പ്രൈസ് സോഫ്റ്റ് വെയർ 13-46-1 പ്രകാരമുള്ള നിരക്കായ 138.43/ച.മീ ആണ് നല്കാവുന്നത് | 46,112/- |
| അധികം നല്കിയത് | 4,726 |

തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് 4,726/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടക്കേണ്ടതാണ്.

## 1-18 കരാറുകാരന് അധികത്തുക നല്കി

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ്ജും 10% സി.പി യുമാണ് അനുവദനീയമായിട്ടുള്ളത്. താഴെ പറയുന്ന പ്രവൃത്തികളിൽ 10% ഓവർഹെഡ് ചാർജ് വകയിരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതു മൂലം കരാറുകാരന് അധിക നിരക്ക് നല്കിയിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | നൽകിയ തുക | നല്കാവുന്ന തുക |
|---|---|---|
| ഏഴാംമൈൽ-എണ്ണശ്ശേരി റോഡ് റീടാറിംഗ്,82/2019<br><br>കരാറുകാരൻ-ഫിലിപ്പ് തോമസ്<br><br>അടങ്കൽ 5,00,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) | വേലമൂല്യം 4,61,217/-<br><br>കുറക്കുക ഐ.റ്റി 4,612/-<br><br>വെൽഫയർ ഫണ്ട് 4,612/-<br><br>ജി.എസ്.റ്റി 9,224/-<br><br>കരാറുകാരന് 4,42,769/-<br><br>ബിൽ നം.53/18-19 തീ:18.3.2019 | വേലമൂല്യം 4,61,217-(461217/1.1*0.025)=461217-10482=4,50,735/-<br><br>കുറക്കുക ഐ.റ്റി 4,507/-<br><br>വെൽഫയർ ഫണ്ട് 4,507/-<br><br>ജി.എസ്.റ്റി 9,014/-<br><br>കരാറുകാരന് 4,32,707/-<br><br>അധികച്ചെലവ് 10,482/- |
| ഉറുമാണ്ടി-പുത്തൻപീടിക റോഡ് പുനരുദ്ധാരണം 170/2019<br><br>കരാറുകാരൻ ഫിലിപ്പ് തോമസ്.<br><br>അടങ്കൽ 4,00,000/-(മെയിന്റനൻസ് | വേലമൂല്യം 3,82,912/-<br><br>കുറക്കുക ഐ.റ്റി 3,829/- | വേലമൂല്യം<br><br>3,82,912-(382912/1.1*0.025)=382912-8703=3,74,209/-<br><br>കുറക്കുക ഐ.റ്റി 3,742/- |

| | | |
|---|---|---|
| ഫണ്ട് റോഡിതരം) | വെൽഫയർ ഫണ്ട് 3,829/-<br>ജി.എസ്.റ്റി 7,658/-<br>കരാറുകാരന് 3,67,596/-<br>ബിൽ നം.53/18-19 തീ:18.3.2019 | വെൽഫയർ ഫണ്ട് 3,742/-<br>ജി.എസ്.റ്റി 7,484/-<br>കരാറുകാരന് 3,67,944/-<br>അധികച്ചെലവ് 8,703/- |

അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കണമന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന്(നം.13) മറുപടിയായി പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കി അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് നല്കിയതെന്ന് മറുപടി നല്കിയിട്ടുണ്ട്. സർക്കാർ ഓവർഹെഡ് ചാർജ് ഇനത്തിൽ 7.5% തുക മാത്രം അനുവദിച്ചിട്ടുള്ളപ്പോൾ അധികത്തുക നല്കിയിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതലയാണ്.

## 1-19 പേവർബ്ലോക്ക് വിരിക്കൽ-ഇൻഡ്യൻ സ്റ്റാന്റാർഡ് സ്പെസിഫിക്കേഷൻ പ്രകാരം ആവശ്യമുള്ളതിൽ കൂടിയ ഇനം ഉൾപ്പെടുത്തി-പഞ്ചായത്തിന് അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | 87 നമ്പർ കൊറ്റമ്പ്ര അങ്കണവാടി നവീകരണം 128/2019 |
| അടങ്കൽ | 1,00,000/-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| കരാറുകാരൻ | എ.ബി.സലീം |
| കരാർ നമ്പർ | 03/AE/LSGD/VEGP/2018-19 Dt 03.09.2018 |
| ചെലവ് വിവരം | ആകെ ചെലവ് 97,100/- (ബിൽ നം.41/18-19)<br>കരാറുകാരന് നല്കിയത് 95,158/- |

പ്രവൃത്തിയുടെ ഇനം 1 ആയി ചെയ്തത് 33.40 ച.മീ പേവർബ്ലോക്ക് വിരിക്കലാണ്. ഇതിന് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 16-91-1 പ്രകാരമുള്ള നിരക്കായ 1089.76/ ച.മീ പ്രകാരം 36,397.98 രൂപ ചെലവഴിച്ചിട്ടുണ്ട് . അങ്കണവാടിയുടെ മുറ്റത്ത് മേൽക്കൂര നിർമ്മിച്ച സ്ഥലത്ത് പേവർ ബ്ലോക്ക് പതിക്കുമ്പോൾ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റാർഡ്സ് 2006 പ്രകാരം വാഹനഗതാഗതം ഇല്ലാത്ത സ്ഥലങ്ങൾ, പാർക്കുകൾ മുതലായവയിൽ വിരിക്കുന്ന M30 ഗ്രേഡിലുള്ളതും കുറഞ്ഞ കനം 50-60 മി.മീ. ഉള്ളതുമായ പേവർ ബ്ലോക്കുകൾ മതിയാകും. ഇതിന് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 16-68 പ്രകാരമുള്ള നിരക്കായ 887/ച.മീ നല്കിയാൽ മതി. എന്നാൽ അളവുപുസ്തക പ്രകാരം ലൈറ്റ് ട്രാഫിക്ക് (Light-traffic is defined as a daily traffic up to 150 commercial vehicles exceeding 30 kN laden weight, or an equivalent up to 0.5 million standard axles (MSA) for a design life of 20 years ( A standard axle is defined as a single axle load of 81.6 kN) ഉള്ള സ്ഥലങ്ങളിൽ ഉപയോഗിക്കുന്ന M35 ഗ്രേഡിലുള്ളതും 60 മി.മീ. കനമുള്ളതുമായ പേവർബ്ലോക്കുകളുടെ നിരക്കാണ് നല്കിയിട്ടുള്ളത് (ഡൽഹി ഷെഡ്യൂൾ ഓഫ്

റേറ്റ്സ് 16-91-1). പേവർ ബ്ലോക്കിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാനുള്ള സംവിധാനം നിലവിൽ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് ഉള്ളതായും കാണുന്നില്ല. ഇതു മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 16-91-1 പ്രകാരമുള്ള നിരക്കായ 1089.76/ ച.മീ പ്രകാരം 33.40 ച.മീ നല്കിയ നിരക്ക് | 36,397.98 |
| ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 16-68 പ്രകാരമുള്ളതും അനുവദിക്കാവുന്നതുമായ നിരക്കായ 887 / ച.മീ പ്രകാരം 33.40 ച.മീ നല്കാവുന്ന നിരക്ക് | 29,625.80 |
| പഞ്ചായത്തിനുണ്ടായ അധികച്ചെലവ് | 6,772.18 |

അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കണമന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.9) സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ട് ചെയ്യുക മാത്രമാണ് ചെയ്തത് എന്ന് മറുപടി നല്കിയിട്ടുണ്ട്. പ്രസ്തുത വിശദീകരണം തുടർന്ന് ഇത്തരം അപാകതകൾ ആവർത്തിക്കരുത് എന്ന ശുപാർശയോടെ അംഗീകരിക്കുന്നു. അനാവശ്യ ഇനങ്ങൾ ഉൾപ്പെടുത്തി പഞ്ചായത്തിന് അധികച്ചെലവ് വരുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും ഗുണനിലവാരത്തിന് അനുസരിച്ച് കൂടിയവിലയുള്ള സാധനങ്ങൾ ഉപയോഗിക്കുമ്പോൾ ലാബ് റിപ്പോർട്ട് ഉൾപ്പെടെ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-20 ഫർണ്ണീച്ചർ വാങ്ങൽ-നടപടിക്രമങ്ങളിൽ വീഴ്ച

മൃഗാശുപത്രിക്കും സബ് സെന്ററുകൾക്കും ഫർണ്ണീച്ചർ വാങ്ങിയതിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | എസ് 073/19 |
| അടങ്കൽ | 52,000 |
| ചെലവ് | 51,997 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ബിൽ നം. | 20/18-19/09.11.18 |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ടി പദ്ധതിക്കായി ഫർണ്ണീച്ചർ വാങ്ങുന്നതിനായി ക്വട്ടേഷൻ ഇല്ലാതെ ഗവൺമെന്റ് അംഗീകൃത സ്ഥാപനമായ ആർട്ടിസാൻ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് സമീപിച്ചത്. ഇൻവോയ്സ് നമ്പർ കെ.റ്റി.എം-59/07.11.18 പ്രകാരം താഴെപ്പറയുന്ന സാധനങ്ങളാണ് വാങ്ങിയിട്ടുള്ളത്.

| ഐറ്റംസ് | എണ്ണം | റേറ്റ് |
|---|---|---|
| Ceiling fan | 4 | 8,226.96 |
| Steel chair with 3drawers /one drawer and cupboard ,on rightsidewith novapan (20G) | 3 | 13,848.48 |
| പ്ലാസ്റ്റിക് ആം ചെയർ | 3912 | 12,862 |

| | | |
|---|---|---|
| Full arm chair plastic seat and back with teak wood frame 1 pipe 6 mtr | 545 | 7,756.14 |
| High back revolving chair | 2191 | 9,203 |
| | | 44,065 |
| | CGST | 3,965.85 |
| | SGST | 3,965.85 |
| **ആകെ** | | **51,997** |

എന്നാൽ സർക്കാർ അംഗീകരിച്ച് നൽകിയ ആർട്ടിസാൻ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പർച്ചേസിംഗ് സാധനങ്ങളുടെ ലിസ്റ്റിൽ മേൽ ഫർണ്ണീച്ചറുകൾ നൽകുന്നതിന് ടി സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടില്ല(ജി.ഒ.(എം.എസ്.)നം.1/2016/SPD/8.12.16). ആയതിനാൽ ടി ഫർണ്ണീച്ചറുകൾ ടെണ്ടർ നടപടികളിലൂടെ വാങ്ങേണ്ടിയിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ആശ്രയപദ്ധതി

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ നിർദ്ധനരും നിരാലംബരുമായ അഗതികളെ കണ്ടെത്തി അവർക്ക് അടിസ്ഥാന സൗകര്യം ഒരുക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിന് ലക്ഷ്യമിട്ടാണ് ആശ്രയപദ്ധതിയുടെ ആദ്യഘട്ടം പഞ്ചായത്തിൽ തുടക്കമിട്ടത്. ഒന്ന്-രണ്ട് ഘട്ടങ്ങളിലായി 199 കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായി കണ്ടെത്തിയത്. 2018-19 വർഷം വിഹിതമായി നല്കിയ 2,29,900(scp) രൂപ ഉൾപ്പെടെ 2,564,304 രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി നല്കുകയുണ്ടായി. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി, വസ്ത്രം, ഭവന അറ്റകുറ്റപ്പണി, ഭക്ഷണം, കുടിവെള്ളം, തുടങ്ങിയവ ലഭ്യമാക്കാനാണ് വിഭാവനം ചെയ്തത് തൻവർഷം ഭവനനിർമ്മാണം, ഭക്ഷണം, ആരോഗ്യ സംരക്ഷണം എന്നിവയ്ക്കായി 2,75,448 രൂപ ചെലഴിച്ചിട്ടുണ്ട്. രണ്ട് ഘട്ടങ്ങൾക്കും കൂടി അനുവദിച്ച തുകയുടെ 2018-19ലെ വിനിയോഗം, ശേഷിക്കുന്ന തുകയുടെ വിവരം എന്നിവ താഴെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഒന്നാം ഘട്ടം | 14,57,537 | 59,178 | 15,16,597 | -- | 15,16,597 |
| രണ്ടാം ഘട്ടം | 7,92,285 | 2,55,422 | 10,47,707 | 2,75,448 | 7,72,250 |
| **ആകെ** | | | | | **22,88,847** |

നീക്കിയിരുപ്പ് തുക കേരള ഗ്രാമീൺ ബാങ്കിന്റെ മണിമല ശാഖയിലെ a/c no.40580100001901 (phase-1), a/c no.40580101010174(phase-2) എന്നിവയിൽ സൂക്ഷിക്കുന്നു.

## 1-22 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2018-19 വർഷത്തെ ലേബർ ഗ്രാമസഭ 13 ഗ്രാമപഞ്ചായത്തിലെ വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 13 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 100 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 85 പ്രോജക്ടുകളിൽ 42 എണ്ണം തൻവർഷം നടപ്പിലാക്കി. 2018-19 വർഷം 56720 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 818 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 211 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | 77,78 നമ്പർ അങ്കണവാടി നവീകരണം, 125/2019 |
| അടങ്കൽ | 2,00,000/-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| കരാറുകാരൻ | എ.ബി.സലീം |
| കരാർ നമ്പർ | 04/AE/LSGD/VEGP/2018-19 Dt 03.09.2018 |
| ചെലവ് വിവരം | ആകെ ചെലവ് 1,60,614/- (ബിൽ നം.50/18-19 തീ 18.03.2019)<br><br>കരാറുകാരന് നല്കിയത് 1,57,402/- |

ഈ പ്രവൃത്തിയുടെ ഇനം 2 ആയി ചെയ്തത് 333.108 ച.മീ ഭിത്തിയിൽ സിമന്റ് പ്രൈമർ ഉപയോഗിക്കുകയാണ്. ഇതിന് 53.25/ച.മീ നിരക്കിൽ 17,738/- രൂപ ചെലവഴിച്ചു. ഇനം 3 ആയി ചെയ്തത് ഇതേ അളവിൽ നിലവിലുള്ള സിമന്റ് പെയിന്റ് പ്രതലത്തിൽ അക്രിലിക് എക്സ്റ്റീരിയർ പെയിന്റ് ചെയ്യുകയാണ്, ഇതിന് 99.37രൂപ/ച.മീ നിരക്കിൽ 33,100/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള സിമന്റ് പെയിന്റ് പ്രതലത്തിൽ അക്രിലിക് എക്സ്റ്റീരിയൽ പെയിന്റ് ചെയ്യുന്നതോടൊപ്പം ഇതേ അളവിൽ പ്രൈമർ അടിക്കുന്നതിന് തുക ചെലവഴിച്ചതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടില്ല. നിലവിലുള്ള ഭിത്തിയിൽ പുതിയതായി സിമന്റ് പ്രൈമർ അടിച്ച് അക്രിലിക് എക്സ്റ്റീരിയൽ പെയിന്റ് ചെയ്യുന്നതിന് പ്രൈസ് സോഫ്റ്റ്വെയർ 13-46-1 പ്രകാരമുള്ള

നിരക്കായ 138.43/ച.മീ ആണ് നല്കാവുന്നത്.അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.8) മറുപടിയായി നിലവിലുള്ള ഭിത്തിയിലെ പെയിന്റ് ചുരണ്ടി മാറ്റി പ്രൈമർ അടിച്ച് പെയിന്റ് ചെയ്യുകയായിരുന്ന എന്ന് മറുപടി നല്കിയിട്ടുണ്ട്. വിശദമായ പരിശോധനയിൽ ഇത്തരം സാഹചര്യത്തിൽ പ്രൈസ് സോഫ്റ്റ്‌വെയർ 13-46-1 പ്രകാരമുള്ള നിരക്കായ 138.43/ച.മീ ആണ് നല്കാവുന്നത്. ഇത് പ്രൈമർ ഉൾപ്പെടെയുള്ള നിരക്കാണ്. അധികമായി നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്കിയ തുക<br>1.)333.108 ച.മീ ഭിത്തിയിൽ സിമന്റ് പ്രൈമർ അടിക്കുന്നതിന് 53.25/ച.മീ നിരക്കില് ചെലവ് 1 | 17,738/- |
| 2.) സിമന്റ് പെയിന്റ് പ്രതലത്തിൽ അക്രിലിക് എക്സ്റ്റീരിയർ പെയിന്റ് ചെയ്യുന്നതിന് 99.37രൂപ/ച.മീ നിരക്കിൽ ചെലവ് | 33,100/- |
| **ആകെ** | **50,838/-** |
| പ്രൈസ് സോഫ്റ്റ് വെയർ 13-46-1 പ്രകാരമുള്ള നിരക്കായ 138.43/ച.മീ ആണ് നല്കാവുന്നത് | 46,112/- |
| അധികം നല്കിയത് | 4,726 |

തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവിന് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.അജയകുമാർ പി. ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13.5.2019 | കെ.എസ്.എ-കെ.ടി.എം.പി5/617/2019 തീയതി 23.05.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | ക്ഷീരഗ്രാമം | 2,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,00,000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 5,76,612 | ലൈഫ് ഭവനപദ്ധതി ജനറൽ | 5,76,612 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 4,04,250 | ലൈഫ് ഭവനപദ്ധതി എസ്.സി | 4,04,250 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 83,330 | അങ്കണവാടി പോഷകാഹാരം ജനറൽ | 8,330 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,00,000 | കുന്നിനി കുരിശടി റോഡ് | 3,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,00,000 | കാടങ്കുളം കൊച്ചാലുങ്കൽ റോഡ് | 3,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,00,000 | പടിഞ്ഞാറ്റേൽപടി-കുന്നേൽപടി റോഡ് | 3,00,000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,81,250 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,81,250 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3,00,474 | ലൈഫ് ഭവനപദ്ധതി എസ്.സി | 3,00,474 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 4,07,840 | ലൈഫ് ഭവനപദ്ധതി ജനറൽ | 4,07,840 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3,00,000 | ക്ഷീരഗ്രാമം | 3,00,000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 4,5 വാർഡുകളിൽ സ്ട്രീറ്റ്ലൈൻ സ്ഥാപിക്കൽ | 21800342 | 4,72,676 | 4,72,676 | 0 |
| കെ.എസ്.ഇ.ബി | ഓളോമന കുടിവെള്ള പദ്ധതി വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 21800825<br>21800587 | 1,35,250 | 1,35,250 | 0 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ സ്ഥാപിക്കൽ | 21800588<br>21800826 | 10,21,669 | 10,21,669 | 0 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഉള്ളായം എസ്.സി കോളനിയിൽ സ്ട്രീറ്റ്ലൈൻ സ്ഥാപിക്കൽ | 21800520 | 89,700 | -- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | കങ്ങഴ നെടുങ്കുന്നം കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ പുനരുദ്ധാരണം | 21800861<br>21800862 | 1,30,000 | -- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | പള്ളത്തുപാറ കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ പുനരുദ്ധാരണം | 21800863 | 3,00,000 | -- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തില് 31,03,236 രൂപ വരവുണ്ട്. വായ്പ തുക മുഴവൻ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്) 68/2018,18.05.2018, ജി.ഒ(എം.എസ്.) 100/2018, 30.07.2018 | 31,03,236 | -- | -- | -- | 31,03,236 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 44,846 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2011-12, 2012-13 | 2.7.1(2) | 2,534 | കെ.കെ.ശോഭനാകുമാരി<br>മുൻ സെക്രട്ടറി | 118030102220/27.11.2018 |
| 2013-14 | 2.6(2) | 4,819 | കെ.കെ.ശോഭനാകുമാരി<br>മുൻ സെക്രട്ടറി | 118030102221/27.11.2018 |
| | | 36,880 | കെ.കെ.ശോഭനാകുമാരി<br>മുൻ സെക്രട്ടറി | 118040900067/28.12.2018 |
| 1999-2000 | 3(5) | 613 | കെ.ജെ.ജോസ്<br>മുൻ സെക്രട്ടറി | 118,030103743/18.03.2019 |
| **ആകെ** | | **44,846** | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00<br>45,46,47 | 2002-03 | കമ്പ്യൂട്ടർ സെൻ്റർ പദ്ധതി | നടപടികൾ ഒന്നുംതന്നെ ആയിട്ടില്ല |

## 4-9 ചാർജ്-സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം

ചാർജ്-സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,99,01,455 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,36,99,311 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4,726 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6,89,700 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻ്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 4,726 | ശ്രീ.അജയകുമാർ പി., അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12-1 | 6,00,000 | ശ്രീ.എച്ച്.മുഹമ്മദ് സലിം, സെക്രട്ടറി |
| 1-12-2 | 89,700 | ശ്രീ.എച്ച്.മുഹമ്മദ് സലിം, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജയകുമാർ പി., അസിസ്റ്റന്റ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി. ഓഫീസ്, വെള്ളാവൂർ | ത്രിവേണി, കുനയിൽ, പരവൂർ പി.ഒ., കൊല്ലം |
| ശ്രീ.എച്ച്.മുഹമ്മദ് സലിം, സെക്രട്ടറി | റിട്ടയേർഡ് | കുന്നിനിയിൽ, ആർ.പി.സി. പി.ഒ., മുണ്ടക്കയം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.പി4-352/2001/17.2.14/3.3.04 | |
| 1998-99 | എൽ.എഫ്.കെ.പി4-934/02/31.12.04/5.1.05 | |
| 1999-2000 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208 (1)/2018/2.2.18 | 16 |

| | | |
|---|---|---|
| 1999-00, 01-02 പ്ലാൻ കണക്കുകൾ | എൽ.എഫ്.കെ.പി.4-817/03/6.4.04/14.5.04 | |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(2)/2018 /2.2.18 | 4 |
| 2001-02 | എകെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(3) /2018 /2.2.18 | 9 |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(4)/2018 /2.2.18 | 5 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി5-794/08/23.2.11/അദാ. | |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(5)/2018 /2.2.18 | 2 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(6)/2018 /2.2.18 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(8)/2018 /2.2.18 | 8 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(9)/2018 /2.2.18 | 7 |
| 2009-10, 2010-11 | കെ.എസ്.എ-കെ.ടി.എം.പി5-(അദാ-2018)/208(10)/2018 /2.2.18 | 17 |
| 2011-12, 12-13 | കെ.എസ്.എ-കെ.ടി.എം.പി5/1560/11/2015/ 31.3.16 | |
| 2013-14 | എൽ.എഫ്.കെ.പി5-612/2015/3.2.16 | 16 |
| 2014-15 | കെ.എസ്.എ-കെ.ടി.എം. പി5/790/17/21.12.17 | 12 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/789/17/01.01.18 | 19 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/551/18/07.04.18 | 14 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/78/19/19.02.2019 | 14 |

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**നം.കെ.എസ്.എ-കെ.ടി.എം.പി5-1688/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി:12.12.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**